# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4847 27.10.2016-ലെ മറുപടിക്ക്

## അധ്യാപകരുടെ നിയമനാംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനു എത്ര കുട്ടികൾ അപേക്ഷ സമർപ്പിച്ചു; എത്ര പേർക്ക് അഡ്മിഷൻ ലഭിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുവാനുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) & (സി) | തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ നിയമനാംഗീകാരം സംബന്ധിച്ചുള്ള യഥാർത്ഥ കണക്കുകൾ ലഭ്യമാകുവാൻ കഴിയുകയുള്ളൂ. പുതിയതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾതല, വിഷയാടിസ്ഥാനത്തിലുള്ള തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായാൽ മാത്രമേ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (സി) | പുതിയതായി അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ നിയമനാംഗീകാരം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; പുതിയ സ്കൂളുകളിലെ അധ്യാപക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; തസ്തിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് നിയമനം അംഗീകരിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കുമോ; | | |
| (ഡി) | അധ്യാപക തസ്തിക അനുവദിക്കുമ്പോൾ തന്നെ സമാന്തരമായി ധനകാര്യവകുപ്പിന്റെ അനുവാദം കൂടി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കിയ ശേഷമാണ്. |
| (ഇ) | സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കൻഡറി സ്കൂളുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിലധികമായി അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധ്യാപകരുടെ നിയമനം അംഗീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | അപേക്ഷകളുടെ എണ്ണം | പ്രവേശനം ലഭിച്ചത് |
|---|---|---|
| തിരുവനന്തപുരം | 42638 | 34012 |
| കൊല്ലം | 39054 | 28411 |
| പത്തനംതിട്ട | 18069 | 13507 |
| ആലപ്പുഴ | 32347 | 24419 |
| കോട്ടയം | 28689 | 22925 |
| ഇടുക്കി | 16115 | 11983 |
| എറണാകുളം | 45663 | 34125 |
| തൃശ്ശൂർ | 45752 | 34455 |
| പാലക്കാട് | 47051 | 30401 |
| കോഴിക്കോട് | 52575 | 37877 |
| മലപ്പുറം | 83021 | 55902 |
| വയനാട് | 12884 | 9423 |
| കണ്ണൂർ | 39833 | 30718 |
| കാസറഗോഡ് | 20158 | 15159 |
| **Total** | **523849** | 383317 |